

## അവതാരിക

**അഴിമതിരഹിത വാളയാർ** ക്യാമ്പയിൻ ആഗസ്റ്റ് ഏഴിനാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഈ പരിപാടിയുടെ ലക്ഷ്യം മാത്രമല്ല; അതിനായി അനുവർത്തിക്കാൻ തീരുമാനിച്ച മാർഗവും ഏവരുടെയും സവിശേഷ ശ്രദ്ധ പിടിച്ചുപറ്റി.

വാളയാർചുരം കേരളത്തിലേക്കുള്ള പ്രവേശനകവാടമാണ്, മറ്റുസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് വരുന്ന ചരക്കുകളിൽ മൂന്നിലൊന്നും അതുവഴിയാണ് കടന്നുവരുന്നത്. സംസ്ഥാനത്ത് ഏറ്റവുമധികം നികുതി വരുമാനമുള്ള ചെക്ക്പോസ്റ്റ് വാളയാറാണ്. പണംവരവ് കൂടുതലുള്ള സ്ഥലമെന്നതിനാൽ അഴിമതിയുടെ ഒരു കേന്ദ്രമായും വാളയാർ അറിയപ്പെട്ടു. വർഷങ്ങളായി അങ്ങനെ ഉറച്ചുപോയ പേര് കുറച്ചൊക്കെ മാറ്റിയെടുക്കാൻ കഴിഞ്ഞ ഒരു വർഷംകൊണ്ട് ഏറെക്കുറെ സാധ്യമായി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ശക്തമായ നിലപാടും ധനമന്ത്രി പലതവണ നേരിട്ടെത്തി നടത്തിയ ഇടപെടലുമാണ് ഈ മാറ്റത്തിനാധാരം. ഈ ഇടപെടലുകൾവഴി നികുതിചോർച്ച വൻതോതിൽ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു.

ഈ പ്രവർത്തനങ്ങളുടെ തുടർച്ചയായാണ് 'അഴിമതിരഹിത വാളയാർ'എന്ന പ്രത്യേക പരിപാടി നടപ്പാക്കുന്നത്. വാളയാർ ചെക്ക്പോസ്റ്റുകളിൽ എത്തുന്ന രേഖകളെല്ലാമുള്ള ചരക്കുവാഹനങ്ങൾക്ക് രണ്ടു മണിക്കൂറിനകം പരിശോധനകളെല്ലാം കഴിഞ്ഞ് പോകാൻ കഴിയുക, ചെക്ക്പോസ്റ്റ് കടന്നു പോകുന്ന ചരക്കുകൾ സംബന്ധിച്ച വിവരങ്ങൾ അപ്പപ്പോൾ കമ്പ്യൂട്ടർ വഴി ബന്ധപ്പെട്ട ഓഫീസുകളിലെ ടാക്സ് അക്കൗണ്ടുകളിൽ എത്തിക്കുക, ചെക്കുപോസ്റ്റുകളിലെ അഴിമതി നിർമാർജനം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പരിപാടി ആവിഷ്കരിച്ചിട്ടുള്ളത്. അതിനായി വമ്പിച്ച മാറ്റങ്ങളാണ് ഇവിടെ ഉണ്ടാക്കുന്നത്. കൂടുതൽ ജീവനക്കാർ വന്നു. കൂടുതൽ കൗണ്ടറുകൾ തുറന്നു. ജീവനക്കാരെ ഇടയ്ക്ക് മാറ്റിക്കൊണ്ടിരിക്കുന്നതിനും സംവിധാനമുണ്ടാക്കുന്നു. ജീവനക്കാർക്ക് കൂടുതൽ സൗകര്യങ്ങളേർപ്പെടുത്തുന്നു. ഇതെല്ലാംവഴി വാളയാർ ചെക്കുപോസ്റ്റുകളെ അഴിമതിരഹിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വലിയ ചുവടുവയ്പ്പാണ് നടത്തുന്നത്. ഇവയോടൊപ്പം ഭാവനാ

പൂർണമായ ഒരു നടപടിക്കുകൂടി തുടക്കംകുറിച്ചു. സോഷ്യൽ ഓഡിറ്റിങ്ങിനുള്ള സംവിധാനമാണത്. ജനങ്ങൾക്ക് കാര്യങ്ങൾ വിലയിരുത്താൻ പറ്റുന്ന സംവിധാനം; സുതാര്യത ഉറപ്പുവരുത്തുന്ന സംവിധാനം. മാധ്യമപ്രവർത്തകർക്ക് അവിടെ എപ്പോൾ വേണമെങ്കിലും പരിശോധന നടത്താം. അവർക്ക് ആവശ്യമായ വിവരങ്ങൾ കൊടുക്കാനും സംവിധാനമുണ്ട്.

ഇങ്ങനെയൊരു പദ്ധതി നടപ്പാക്കേണ്ടിവന്ന സാഹചര്യം വിവരിക്കേണ്ടതില്ല. ചരക്കുമായി വരുന്നവർ കൊടിയ ദുരിതമാണവിടെ അനുഭവിച്ചുപോരുന്നത്. നികുതി അടച്ചാലും മണിക്കൂറുകൾ കാത്തുകെട്ടി കിടക്കേണ്ട അവസ്ഥ. മാമൂൽ കൊടുത്തില്ലെങ്കിൽ ഇട്ടുവട്ടംകറക്കൽ, കൈക്കൂലി. ഒരു വിഭാഗം ഉദ്യോഗസ്ഥരും ഏജന്റുമാരും ഒക്കെ അടങ്ങിയ നികുതിവെട്ടിപ്പ് മാഫിയ തന്നെ അവിടെകാലങ്ങളായി പ്രവർത്തിച്ചുവരുന്നു. അത് തകർക്കുക എന്ന ലക്ഷ്യത്തോടെ ശക്തമായ നയപരിപാടികളുമായി മുന്നോട്ടു പോവുകയാണ് സർക്കാർ. ക്ലിയറിങ്ങിനായി മണിക്കൂറുകളോ, ദിവസങ്ങളോ കാത്തുനിന്ന് മടുക്കേണ്ട അവസ്ഥ ഇനി വാളയാറിൽ ഉണ്ടാവില്ല. അങ്ങനെ വരുമ്പോൾ ഗതാഗതക്കുരുക്കും ഉണ്ടാവില്ല. വാളയാർ ചെക്ക് പോസ്റ്റിനെ അഴിമതിരഹിതമാക്കുന്നതിനൊപ്പം അവിടത്തെ വാഹനപരിശോധനയുമായി ബന്ധപ്പെട്ട കാര്യങ്ങളും അഴിമതിരഹിതമാക്കുമെന്ന് ഗതാഗതമന്ത്രി മാത്യു ടി തോമസ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം ശരിയായ രൂപത്തിൽ നടപ്പാകുന്നതോടെ രാജ്യത്തെ ഏറ്റവും ആധുനിക ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റായി വാളയാർ പരിണമിക്കും.

നമ്മുടെ നാട്ടിലെ വികസനപ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടപ്പാക്കണമെങ്കിൽ പണം വേണം. നികുതിവരുമാനം മാത്രമാണ് അതിന് മാർഗം. നികുതിപിരിവിന്റെ പല മേഖലകളും ഇന്ന് കേന്ദ്രത്തിന്റെ പിടിയിലാണ്. കേന്ദ്രം പിടിച്ചെടുക്കുന്ന നികുതിയിൽനിന്ന് സംസ്ഥാനത്തിന് അനുവദിക്കേണ്ട കൃത്യമായ വിഹിതം നൽകുന്നില്ല. വരുമാനമാർഗങ്ങൾ അധികവും കേന്ദ്രംകൈയടക്കുന്നത് തുടരുകയാണ്. എന്നിട്ടും കടുത്ത കാലവർഷക്കെടുതി ഉണ്ടായപ്പോൾ അടിയന്തരമായി സഹായിക്കാൻ കേന്ദ്രം തയ്യാറായില്ല. ദുരിതമനുഭവിക്കുന്നവരെ സംരക്ഷിക്കാൻ നമുക്ക് പണം കണ്ടെത്തിയേ തീരൂ. വികസന പ്രവർത്തനങ്ങൾക്കും പണം കണ്ടെത്തണം. അതുകൊണ്ട് നികുതിപിരിവ് ഊർജിതപ്പെടുത്തേണ്ടത് ഓരോ പൗരന്റെയും കർത്തവ്യമാണ്.

നികുതിപിരിവിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി സർക്കാർ നിരവധി പ്രവർത്തനങ്ങൾ നടത്തിവരികയാണ്. സർക്കാരിന്റെ ഒരു വർഷത്തെ പ്രവർത്തനം നികുതിപിരിവിൽ വലിയ വർധനയുണ്ടാക്കി. വ്യാപാരികളും വ്യവസായികളുമായി സൗഹാർദത്തിന്റെയും സഹകരണത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ചാണ് നികുതിപിരിവിൽ വളർച്ച നേടിയത്. നികുതി നിരക്കിൽ വർധന വരുത്താതെ ബഹുജനപങ്കാളിത്തത്തോടെ നികുതിഭരണത്തിന്റെ കാര്യക്ഷത വർധിപ്പിച്ച് നികുതി ചോർച്ച തടയുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

അഴിമതി നമ്മുടെ സമൂഹത്തെ കാർന്നുതിന്നുന്ന രോഗമാണ്. ഒരു ഭാഗത്ത് നികുതി കൃത്യമായി പിരിച്ചെടുക്കാതെ സർക്കാരിന്റെ വരുമാനം കുറയ്ക്കുക, മറുഭാഗത്ത് സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്തും ദുർവ്യയംചെയ്തും കൃത്യമായി പ്രവൃത്തി നടത്താതെയും നഷ്ടമുണ്ടാക്കൽ. അങ്ങനെ അഴിമതി പല വിധത്തിലാണ് നടക്കുന്നത്. വിവിധ ഇനങ്ങളിലായി സർക്കാരിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ പിരിച്ചെടുക്കാൻ കഴിയാതെ കുടിശ്ശികയായി കിടക്കുന്നു.

സർക്കാരിന്റെ പ്രധാനപ്പെട്ട വരുമാനം വാണിജ്യ നികുതിയാണല്ലോ. ഏറ്റവും വലിയ നികുതിചോർച്ചയും ഈ വകയിൽത്തന്നെയാണുണ്ടാവുന്നത്. പല കടകളിൽ നിന്നും സാധനങ്ങൾവാങ്ങിയാൽ ബിൽ കിട്ടണമെങ്കിൽ ചോദിക്കണം. ബിൽ കൊടുക്കാൻ കച്ചവടക്കാർക്ക് മടി. ചോദിച്ചുവാങ്ങാൻ ഉപഭോക്താവിന് താൽപ്പര്യവുമില്ല. മിക്കവരും വളരെ അലസമായാണ് ഇതിനെ കാണുന്നത്. ബിൽ ചോദിച്ചെന്നു കരുതുക. ബിൽ വേണമെങ്കിൽ സാധനത്തിന്റെ വില കൂടും എന്നാണ് ചില കച്ചവടക്കാർ പറയുക. അതായത് സർക്കാരിന് നൽകാതെ തട്ടിക്കുന്ന നികുതിപ്പണത്തിൽ ഒരു ചെറിയ പങ്ക് ഉപഭോക്താവിന് കിഴിവായി നൽകുന്നുണ്ടെന്ന്! ചില വലിയ സ്വർണക്കടകളിൽപ്പോലും ബില്ലിന്റെ ഏർപ്പാടില്ലെന്ന് ആക്ഷേപമുണ്ട്. ഒരു തുണ്ടുകടലാസിൽ ബിൽ എഴുതിക്കൊടുക്കുകയാണ് ചെയ്യുന്നതത്രേ. ബിൽ വേണമെങ്കിൽ തുക അൽപ്പംകൂടി കൊടുക്കേണ്ടിവരും, അതിനാൽ തുണ്ടു കടലാസിൽ തൃപ്തിയടയുന്നവരാണ് പലരും. ഇത്തരം വഴികളിലൂടെ എത്രയോ ശതം കോടികളാണ് ഖജനാവിലെത്താതെ വഴിമാറിപ്പോകുന്നത്.

വ്യാപാരികളെയും ജീവനക്കാരെയും ഉപഭോക്താക്കളെയുമെല്ലാം ബോധവൽക്കരിച്ചുകൊണ്ടേ ഈ ചോർച്ച തടയാൻ കഴിയൂ. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരമേറ്റ് അധികം താമസിയാതെ നടപ്പാക്കിയ "ലക്കിവാറ്റ് പദ്ധതി" അതിന്റെ ഭാഗമാണ്. ബിൽ ചോദിച്ചുവാങ്ങാൻ അത് ഉപഭോക്താവിന് പ്രചോദനവും പ്രോത്സാഹനവുമായി. ബിൽ കൊടുക്കുന്നത് കച്ചവടക്കാരന് അന്തസ്സായി അനുഭവപ്പെടാൻ തുടങ്ങി. നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ സർക്കാർ മാത്രമല്ല, പൊതുജനവുംവെറുതെ വിടില്ലെന്ന തോന്നൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ടായി.അങ്ങനെ വാണിജ്യ നികുതി പിരിവിൽ സർവകാല റെക്കോഡ് സൃഷ്ടിക്കാൻ കഴിഞ്ഞു.

എന്നാൽ, ഇതെല്ലാം തുടക്കംമാത്രമേ ആയിട്ടുള്ളു. പൂർണതയിലെത്തണമെങ്കിൽ കുറെയധികം മുന്നോട്ടുപോകണം. അതിന് ഉദ്യോഗസ്ഥർ ശുഷ്കാന്തി കാണിച്ചേ തീരൂ. കൈക്കൂലി വാങ്ങി നികുതിവെട്ടിപ്പിന് കൂട്ടുനിൽക്കുന്നവർ സമൂഹത്തിന്റെ ശത്രുക്കളാണ്, രാജ്യദ്രോഹികളാണ് എന്ന ബോധമുണ്ടാകണം. ജനങ്ങൾക്കാവശ്യമായ സൗകര്യങ്ങളുണ്ടാക്കുന്നതിന് ചെലവഴിക്കേണ്ട തുക നികുതിവെട്ടിപ്പുകാരനും അതിനു കൂട്ടുനിൽക്കുന്ന ജീവനക്കാരനും വീതിച്ചെടുക്കുകയെന്ന് വന്നാൽ അതുപോലത്തെ രാജ്യദ്രോഹമെന്തുണ്ട്? ആ രാജ്യദ്രോഹത്തെ അമർച്ചചെയ്തേ പറ്റൂ. വാളയാറിൽ തുടക്കംകുറിച്ചിരിക്കുന്ന പരിപാടി അതിന്റെ ഭാഗമാണ്.

എല്ലാ തലത്തിലും അഴിമതി തടയാൻ പ്രതിജ്ഞാബദ്ധമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ജീവനക്കാരും എല്ലാ വിഭാഗം ജനങ്ങളും മാധ്യമങ്ങളുമെല്ലാം ഇക്കാര്യത്തിൽ സഹകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

അഴിമതി തടയാനും കാര്യക്ഷമത ഉയർത്താനും വാളയാറിൽ ആഗസ്ത് 7 മുതൽ നടപ്പാക്കിയ പരിഷ്ക്കാരം എത്രമാത്രം ഫലപ്രദമായി എന്നത് ജനകീയമായി പരിശോധിക്കുവാൻ പോവുകയാണ്. അതാണ് ഒക്ടോബർ 23ന് വാളയാറിൽ നടക്കുന്ന സോഷ്യൽ ഓഡിറ്റ്. വ്യാപാരികൾ, വ്യവസായികൾ, ലോറി ഉടമസ്ഥർ, ലോറി ജീവനക്കാർ, യാത്രക്കാർ, തദ്ദേശവാസികൾ, ജനപ്രതിനിധികൾ, മാധ്യമപ്രവർത്തകർ എന്നിങ്ങനെ വാളയാർ ചെക്ക്പോസ്റ്റുമായി ബന്ധപ്പെടുന്ന എല്ലാ വിഭാഗങ്ങളും പങ്കെടുക്കുന്ന പരസ്യമായ ഒരു സംവാദമായിരിക്കും ഇത്. ഈ ചർച്ചയുടെ

ലക്ഷ്യം ദൗർബല്യങ്ങൾ കണ്ടെത്തൽ മാത്രമല്ല; അവ എങ്ങനെ പരിഹരിച്ചുമുന്നോട്ടുപോകാം എന്നതുസംബന്ധിച്ച് കൂട്ടായി ചിന്തിക്കുക കൂടിയാണ്. ഇത്തരമൊരു സംവാദത്തിന് സഹായകരമായ വിധം അഴിമതിരഹിത വാളയാർ പരിപാടിയുടെ പശ്ചാത്തലവും സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഔദ്യോഗിക അവലോകനവും ആണ് ഈ രേഖയിലുള്ളത്. ഇതിന്റെടിസ്ഥാനത്തിൽ നടക്കുന്ന ചർച്ചയും തീരുമാനങ്ങളും കൂടിച്ചേരുമ്പോഴേ സോഷ്യൽ ഓഡിറ്റ് പൂർത്തിയാകൂ. ഈ പരീക്ഷണത്തിന്റെ അനുഭവങ്ങൾ പരിശോധിച്ച് എങ്ങനെ സോഷ്യൽ ഓഡിറ്റ് കൂടുതൽ വ്യാപകമാക്കാം എന്നത് സംബന്ധിച്ച് സർക്കാർ തീരുമാനിക്കുന്നതാണ്.

**വി.എസ്.അച്യുതാനന്ദൻ**
*മുഖ്യമന്ത്രി*